**1) വിശുദ്ധ കുർബാനസ്ഥാപന വേളയിൽ യേശുവും ശിഷ്യന്മാരും ഒന്നിച്ചുവന്ന വൻമാളിക ഏതാണ്?**
**A) മർക്കോസിന്റെ മാളിക**
B) യെരുശലേം ദേവാലയം
C) നസ്രേത്തിലെ മാളിക
D) ഗെത്സമന മാളിക

**2) വിശുദ്ധ കുർബാനയെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) കുർബാന എന്ന വാക്കിന് ആരാധന എന്നാണ് അർഥം.**
B) കൂദാശകളുടെ കൂദാശ എന്ന് അറിയപ്പെടുന്നു.
C) ഇത് അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാണ്.
D) യേശുക്രിസ്തു വിശുദ്ധ കുർബാന സ്ഥാപിച്ചു.

**3) 'എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല' എന്ന് യേശുവിനോടു പറഞ്ഞ ശിഷ്യൻ ആരാണ്?**
**A) പത്രോസ്**
B) യോഹന്നാൻ
C) തോമസ്
D) മത്തായി

**4) അനുതപിക്കുന്നതിനു പകരം ആത്മഹത്യ ചെയ്ത ശിഷ്യൻ ആരാണ്?**
**A) ഇസ്കറിയോത്ത യൂദാ**
B) എരിവുകാരനായ ശീമോൻ
C) സെബദിപുത്രനായ യൂദാ
D) ബഥനിയിലെ ലാസർ

**5) 'ഇതാ ആ മനുഷ്യൻ' എന്ന് യേശുവിനെക്കുറിച്ചു പറഞ്ഞതാരാണ്?**
**A) പീലാത്തോസ്**
B) ബറാബാസ്
C) പത്രോസ്
D) കയ്യാഫാസ്

**6) യേശുവിന്റെ വിസ്താരവുമായി ബന്ധപ്പെട്ട് തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) യേശുവിനെ ആദ്യം ഹാജരാക്കിയത് കയ്യാഫാവിന്റെ മുന്നിലാണ്.**
B) റോമാ ഗവണ്മെന്റിനെതിരെ യേശു ശിഷ്യന്മാരെ സംഘടിപ്പിക്കുന്നു എന്ന് ആരോപിച്ചു.
C) ധൈര്യത്തോടും ആത്മവിശ്വാസത്തോടും യേശു മറുപടി നൽകി.
D) കയ്യഫാവിന്റെ വിസ്താരസമയത്തു പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞു.

**7) കാൽവരിയിലേക്കുള്ള യാത്രയിൽ യേശു ആരെയാണ് ആശ്വസിപ്പിച്ചത്?**
**A) സ്ത്രീകൾ**
B) കുട്ടികൾ
C) ശിഷ്യന്മാർ
D) കുറേനക്കാരനായ ശീമോൻ

**8) യേശുവിന്റെ കുരിശിലെ മൊഴികളിൽ ഉൾപ്പെടാത്തത് തിരഞ്ഞെടുക്കുക.**
**A) ഞാൻ തന്നെ ജീവനും പുനരുദ്ധാനവും ആകുന്നു.**
B) സ്ത്രീയെ, ഇതാ നിന്റെ മകൻ.
C) എനിക്ക് ദാഹിക്കുന്നു.
D) നിവൃത്തിയായി.

**9) യേശുവിന്റെ ഉയിർത്തെഴുനേൽപ്പിനെ സംബന്ധിച്ച് ശരിയായ പരാമർശം തിരഞ്ഞെടുക്കുക.**
**A) കല്ലറയിലെത്തിയ സ്ത്രീകളോട് ദൈവദൂതൻ സംസാരിച്ചു.**
B) യേശുവിന്റെ ശരീരത്തിൽ തൈലം പൂശാൻ പത്രോസും യോഹന്നാനും എത്തി.
C) ഉയിർപ്പ് സംബന്ധിച്ച വാർത്ത ആദ്യം കേട്ട ശിഷ്യർ പത്രോസും പൗലോസുമാണ്.
D) ഒഴിഞ്ഞ കല്ലറയിൽ യേശുവിന്റെ ശരീരം ശിഷ്യന്മാർ കണ്ടു.

**10) 'ഓ മറിയാമേ! ഞാൻ തോട്ടക്കാരൻ തന്നെ' എന്ന ഗീതം ആലപിക്കുന്നത് എപ്പോൾ?**
**A) ഉയിർപ്പ് പെരുന്നാളിലെ പ്രദക്ഷിണം**
B) ഉയിർപ്പ് പെരുന്നാളിലെ സ്ലീബാ ആഘോഷം
C) ദുഃഖശനി രാത്രിനമസ്കാരം
D) ദുഃഖശനി ഒൻപതാം മണി

**11) പത്തുകല്പനകളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) വാങ്ങിപ്പോയവരെ ഓർക്കണം.**
B) കൊല ചെയ്യരുത്.
C) മോഷ്ടിക്കരുത്.
D) അപ്പനെയും അമ്മയെയും ബഹുമാനിക്കണം.

**12) പത്തുകല്പനകൾ യഹോവയാം ദൈവം മോശ വഴി നൽകി. തുടർന്നു നടന്ന സംഭവം അല്ലാത്തത് തിരഞ്ഞെടുക്കുക.**
**A) ചെങ്കടൽ മോശ വിഭജിച്ചു.**
B) രണ്ടു കല്പലകകൾ മോശ എറിഞ്ഞുടച്ചു.
C) സ്വർണ കാളക്കുട്ടിയെ തീയിലിട്ടു ചുട്ടു.
D) ഉടമ്പടി പുതുക്കി കനാനിലേക്ക് യാത്ര തുടർന്നു.

**13) യിസ്രായേൽ മക്കൾ എത്ര വർഷം യാത്ര ചെയ്താണ് മിസ്രേമിൽ നിന്നും കനാനിലെത്തിയത്?**
**A) നാല്പത്**
B) പത്ത്
C) എഴുപത്
D) എൺപത്തിമൂന്ന്

**14) യിസ്രായേല്യരുടെ പ്രധാന യാഗങ്ങളിൽ ഉൾപ്പെടാത്തത് തിരഞ്ഞെടുക്കുക.**
**A) സമാഗമനയാഗം**
B) ഹോമയാഗം
C) ഭോജനയാഗം
D) സമാധാനയാഗം

**15) ആവർത്തനപുസ്തകത്തിൽ പരാമർശിക്കുന്ന വിഷയങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) മിര്യാമിന്റെ പാപം**
B) ഓരോ ഗോത്രത്തിനുമുള്ള അനുഗ്രഹങ്ങൾ
C) മോശയുടെ അന്തിമ വചനങ്ങൾ

D) വാഗ്ദത്ത നാട്ടിൽ പാലിക്കാനുള്ള നിയമങ്ങൾ

**16) യോശുവയുടെ ഗോത്രം ഏതാണ്?**
**A) എഫ്രയീം**
B) മനശ്ശെ
C) യൂദാ
D) ലേവി

**17) യെരീഹോ നഗരം പിടിച്ചടക്കിയതുമായി ബന്ധപ്പെട്ട് ശരിയായ പരാമർശം തിരഞ്ഞെടുക്കുക.**
**A) ഇവയെല്ലാം ശരിയാണ്.**
B) പുരോഹിതന്മാർ കാഹളം ഊതിയപ്പോൾ ജനം ആർപ്പിട്ടു.
C) ഏഴാം ദിവസം യെരീഹോ മതിൽ ഇടിഞ്ഞു വീണു.
D) രാഹാബിനെയും കുടുംബത്തെയും രക്ഷിച്ചു.

**18) കനാൻ ദേശം യിസ്രായേല്യർ കൈവശമാക്കുന്നതു പരാമർശിക്കുന്ന പുസ്തകം ഏതാണ്?**
**A) യോശുവ**
B) സഭാപ്രസംഗി
C) ഉല്പത്തി
D) പുറപ്പാട്

**19) ആരുടെ മക്കളെയാണ് ഗോത്രപിതാക്കന്മാരായി കണക്കാക്കി മറ്റു ഗോത്രങ്ങൾ പോലെ വീതം നൽകിയത്?**
**A) യോസേഫ്**
B) യൂദാ
C) ദാൻ
D) ആശേർ

**20) കനാൻ ദേശത്തിന്റെ വിഭജനത്തിൽ ലേവി ഗോത്രത്തിനു അവകാശഭൂമി നൽകിയില്ല. കാരണം എന്താണ്?**
**A) അവരുടെ അവകാശം യഹോവയാം ദൈവമാണ്.**
B) രാജഭരണത്തോടെ പുരോഹിത ശുശ്രൂഷ അവസാനിച്ചു.
C) അഹരോൻ കാളക്കുട്ടിയെ ഉണ്ടാക്കി പാപം ചെയ്തു.
D) അവരുടെ അവകാശം യെരുശലേം ദേവാലയമാണ്.

**21) പൂരിപ്പിക്കുക. 'ദൈവമേ, .......................... .......................... എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ.'**
**A) വെടിപ്പുള്ള ഹൃദയത്തെ**
B) നല്ല മനസ്സിനെ
C) ശോഭയുള്ള ആത്മാവിനെ
D) താഴ്മയുള്ള ആത്മാവിനെ

**22) ദൈവസന്നിധിയിൽ ആരാധിക്കുമ്പോൾ അനുതാപം ആവശ്യമാണ് എന്നു പഠിപ്പിക്കാൻ യേശു പറഞ്ഞ ഉപമ ഏതാണ്?**
**A) പരീശനും ചുങ്കക്കാരനും**
B) പത്തു കന്യകമാർ
C) കാണാതെപോയ നാണയം
D) ഒളിച്ചുവച്ച നിധി

**23) ദൈവത്തിൽ ആശ്രയിക്കുന്ന വിശ്വാസിക്ക് ഏതിൽ നിന്നും മോചനം ലഭിക്കുന്നു?**

**A) ഇവയെല്ലാം ശരിയാണ്**
B) നാശകരമായ മഹാമാരി
C) രാത്രിയിലെ ഭയം
D) വേട്ടക്കാരന്റെ കെണി

**24) പൂരിപ്പിക്കുക. 'നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിനു അവൻ നിന്നെക്കുറിച്ചു തന്റെ ........... കല്പിക്കും.'**
**A) മാലാഖമാരോട്**
B) സഹദേന്മാരോട്
C) പട്ടക്കാരോട്
D) ശ്ലീഹന്മാരോട്

**25) പൂരിപ്പിക്കുക. 'എന്തെന്നാൽ യിസ്രായേലിന്റെ ................... ഉറക്കം തൂങ്ങുന്നില്ല; ഉറങ്ങുന്നുമില്ല.'**
**A) കാവൽക്കാരൻ**
B) തലവൻ
C) ദൈവം
D) രക്ഷകൻ

**26) 'ബെസ്കുദിശാ' എന്ന വാക്കിന്റെ അർഥം എന്താണ്?**
**A) ശുദ്ധസ്ഥലം**
B) വിശുദ്ധന്മാർ
C) വിശുദ്ധ ആരാധന
D) സഭയുടെ ശുദ്ധീകരണം

**27) വിശുദ്ധ കുർബാനയിൽ ഖണ്ഡിപ്പിന്റെ സന്ദർഭത്തിലെ പ്രധാന ചിന്താവിഷയം എന്താണ്?**
**A) കുരിശുമരണവും ഉയിർപ്പും**
B) പാപമോചന അധികാരം
C) പെന്തിക്കോസ്തിയിലെ പ്രസംഗം
D) പഴയനിയമ പ്രവചനങ്ങളുടെ പൂർത്തീകരണം

**28) 'ദൈവസുതന്മാരായിടുവാൻ ആയുഷ്ക്കാലേ...' എന്ന ഗീതം ആലപിക്കുന്നത് എപ്പോൾ?**
**A) കുക്കിലിയോനു മുൻപ്**
B) ഏവൻഗേലിയോനു മുൻപ്
C) ഖണ്ഡിപ്പിനു മുൻപ്
D) സൂത്താറാ നമസ്കാരത്തിൽ

**29) കുക്കിലിയോനിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) സൂഗീസോ**
B) കൊലോ
C) സങ്കീർത്തനഭാഗം
D) അപേക്ഷ

**30) ആദിമസഭ നേരിട്ട വെല്ലുവിളികളിൽ ഉൾപ്പെടാത്തത് തിരഞ്ഞെടുക്കുക.**
**A) കുസ്തന്തീനോസ് ചക്രവർത്തിയുടെ മാനസാന്തരം**
B) റോമൻ സാമ്രാജ്യത്തിലെ മതങ്ങളുടെയും ഭാഷകളുടെയും വൈവിധ്യം.
C) ഗ്രീക്ക് തത്വചിന്തയുടെ സ്വാധീനം
D) അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ സമൂഹം

**31) യഹൂദന്മാർ തീർഥാടനമായി യെരുശലേം ദേവാലയത്തിലേക്ക് കയറിപ്പോകുമ്പോൾ ചൊല്ലിയിരുന്ന സങ്കീർത്തനങ്ങളിൽ ഒന്ന്**

**തിരഞ്ഞെടുക്കുക.**

**A) 121**

B) 115

C) 35

D) 45

**32) തങ്ങളുടെ രക്ഷയ്ക്കായി 'മശിഹാ' വരുമെന്ന് വിശ്വസിച്ചിരുന്ന ജനം ആരാണ്?**

**A) യഹൂദന്മാർ**

B) യവനന്മാർ

C) റോമാക്കാർ

D) സുറിയാനിക്കാർ

**33) മാർത്തോമാ ശ്ലീഹ സ്ഥാപിച്ച പള്ളികൾ അറിയപ്പെടുന്നത് എങ്ങനെ?**

**A) ഏഴരപള്ളികൾ**

B) എട്ടരപള്ളികൾ

C) എഴുപള്ളികൾ

D) എഴുപതുപള്ളികൾ

**34) മാർത്തോമാശ്ലീഹാ സ്ഥാപിച്ച പള്ളികളിൽ തമിഴ്നാട്ടിൽ സ്ഥിതിചെയ്യുന്ന പള്ളി ഏതാണ്?**

**A) തിരുവിതാംകോട്**

B) നിലയ്ക്കൽ

C) അരുവിത്തുറ

D) വേളാംകണ്ണി

**35) വെളിപ്പാട് പുസ്തകത്തിൽ കാണുന്ന 'സ്വർഗ്ഗീയമായ ആരാധനയെ' സംബന്ധിച്ച് തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**

**A) 12 മൂപ്പന്മാർ കിരീടം ധരിച്ചു നിൽക്കുന്നു.**

B) മൂപ്പന്മാർ 12 ഗോത്രങ്ങളെയും 12 അപ്പോസ്തോലന്മാരെയും പ്രതിനിധീകരിക്കുന്നു.

C) മൂപ്പന്മാർ കുഞ്ഞാടിനെ നമസ്കരിക്കുന്നു.

D) മൂപ്പന്മാർ കവിണ്ണുവീണു നമസ്കരിക്കുന്നു.

**36) സ്വർഗ്ഗത്തിൽ നടക്കുന്ന നിത്യാരാധനയുടെ ഭൗമിക നിഴലായി വിശേഷിപ്പിക്കുന്നത് എന്തിനെ?**

**A) വിശുദ്ധ കുർബാന**

B) യാമനമസ്കാരങ്ങൾ

C) പെരുന്നാൾ

D) വേദപുസ്തകം

**37) കൂദോശ് ഈത്തോ ഞായർ മുതൽ യൽദോ പെരുന്നാൾ വരെ എത്ര ഞായറുകളുണ്ട്?**

**A) എട്ട്**

B) നാല്

C) പത്ത്

D) പന്ത്രണ്ട്

**38) പ്രത്യേക അവസരത്തിൽ ഏവൻഗേലിയോൻ വായിക്കാൻ അനുവാദമുള്ളത് ആർക്കാണ്?**

**A) പൂർണ്ണശെമ്മാശൻ**

B) സ്ത്രീകൾ

C) ശുശ്രൂഷക്കാർ

D) കന്യാസ്ത്രീകൾ

**39) 'അവനിൽ ഇരുട്ട് ഒട്ടുമില്ല' എന്ന് യേശുവിനെക്കുറിച്ചു സാക്ഷിച്ചത് ആരാണ്?**
**A) യോഹന്നാൻ സ്നാപകൻ**
B) കന്യകമറിയാം
C) ശതാധിപൻ
D) അരിമത്യക്കാരനായ യൗസേഫ്

**40) കൂദാശകളെ സംബന്ധിക്കുന്ന ശരിയായ പരാമർശം തിരഞ്ഞെടുക്കുക.**
**A) മാമോദീസാ, മൂറോനഭിഷേകം, പട്ടത്വം എന്നിവ ആവർത്തിക്കുന്നില്ല.**
B) പട്ടത്വം, തൈലാഭിഷേകം, വിവാഹം എന്നിവ ആവർത്തിക്കുന്നില്ല.
C) രോഗികളുടെ തൈലാഭിഷേകത്തെ അന്ത്യകൂദാശ എന്നും വിളിക്കുന്നു.
D) ഓർത്തഡോക്സ് സഭ അംഗീകരിക്കുന്ന കൂദാശകൾ ഏഴെണ്ണമുണ്ട്.

**41) ആത്മാവിന്റെ ഫലത്തെക്കുറിച്ചു രേഖപ്പെടുത്തുന്ന പൗലോസ് ശ്ലീഹായുടെ ലേഖനം ഏതാണ്?**
**A) ഗലാത്യർ**
B) 1 കൊരിന്ത്യർ
C) ഫിലിപ്പ്യർ
D) 2 തെസ്സലോനിക്കർ

**42) 'സ്നേഹത്തിന്റെ ഏകമതം' എന്ന ആശയം പങ്കുവച്ച പിതാവ് ആരാണ്?**
**A) ഗീവർഗീസ് മാർ ഒസ്താത്തിയോസ്**
B) പൗലോസ് മാർ ഗ്രീഗോറിയോസ്
C) ഫിലിപ്പോസ് മാർ തെയോഫിലോസ്
D) മാത്യൂസ് മാർ ബർണബാസ്

**43) ക്രിസ്തീയ സന്യാസത്തിന്റെ സ്ഥാപകപിതാവായി അറിയപ്പെടുന്നത് ആരാണ്?**
**A) വിശുദ്ധ അന്തോണിയോസ്**
B) വിശുദ്ധ പക്കോമിയോസ്
C) വിശുദ്ധ അപ്രേം
D) വിശുദ്ധ യാക്കോബ് ബുർദ്ദാന

**44) വിശുദ്ധ അന്തോണിയോസിനെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തിരഞ്ഞെടുക്കുക.**
**A) സന്ന്യാസജീവിതം സ്വീകരിക്കാൻ വിശുദ്ധ മത്തായി 8:16 സ്വാധീനിച്ചു.**
B) വസ്തുവകകൾ ദരിദ്രർക്ക് വീതിച്ചുകൊടുത്തു.
C) ഈജിപ്തിൽ ഏകാന്തവാസം തിരഞ്ഞെടുത്തു.
D) അറിയോസിന്റെ വേദവിപരീതത്തിനെതിരെ പോരാടി.

**45) വിശുദ്ധ പക്കോമിയോസ് സന്യാസജീവിതം തിരഞ്ഞെടുക്കാൻ ഇടയാക്കിയ സാഹചര്യം എന്താണ്?**
**A) ക്രിസ്ത്യാനികളായ ഗ്രാമവാസികളുടെ സ്വഭാവശ്രേഷ്ഠത.**
B) സഭാപിതാക്കന്മാരുടെ രചനകളിലുള്ള താല്പര്യം.
C) യുദ്ധത്തിനിടയ്ക്കു ആകാശത്തു കുരിശടയാളം കണ്ടു.
D) സ്വന്തം മാതാവിന്റെ ക്രിസ്തീയ ജീവിതം.

**46) ക്രിസ്തീയ സന്ന്യാസത്തിന്റെ അനിവാര്യ ഘടകം അല്ലാത്തത് തിരഞ്ഞെടുക്കുക.**
**A) രാഷ്ട്രീയ സ്വാധീനം**

B) അനുസരണം
C) ദാരിദ്ര്യം
D) ബ്രഹ്മചര്യം

**47) മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിനു ഏറ്റവും സഹായകരമായത് എന്താണ്?**
**A) കുരിശിലെ ത്യാഗം**
B) മതങ്ങളുടെ വ്യാപനം
C) രാഷ്ട്രീയ പ്രവർത്തനം
D) ആർട്ടിഫിഷ്യൽ ഇന്റലിജൻസ്

**48) ദൈവം നമുക്കു കഴിവുകൾ നൽകിയത് എന്തിനാണ്?**
**A) ദൈവശുശ്രൂഷയ്ക്ക്**
B) പാണ്ഡിത്യം നേടാൻ
C) സമ്പത്ത് നേടാൻ
D) അനുഭവങ്ങൾ നേടാൻ

**49) മനുഷ്യൻ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാതിരിക്കാൻ ദൈവം നൽകിയത് എന്താണ്?**
**A) കല്പനകൾ**
B) അറിവുകൾ
C) ആരോഗ്യം
D) തിരുശരീര രക്തങ്ങൾ

**50) നാം പാലിക്കേണ്ട നിയമങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) വികസനത്തിന് പ്രകൃതിയെ ഇഷ്ടത്തിന് ഉപയോഗിക്കുക .**
B) വാഹനങ്ങൾ സുരക്ഷിതമായി ഓടിക്കുക.
C) രാഷ്ട്രനിയമങ്ങൾ അനുസരിക്കുക.
D) എല്ലാവർക്കും തുല്യനീതി ഉറപ്പാക്കുക.